**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *68 **09.08.2017**-ൽ മറുപടിക്ക്

**<u>പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗക്കാർക്ക് വീട്ട നിർമ്മിച്ച നൽകുന്ന പദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ. ബി.സത്യൻ<br>ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. ഒ. ആർ. കേളു** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ എത്തിയ ശേഷം പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗക്കാർക്ക് വീട്ട നിർമ്മിച്ച നൽകുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 3,00,000/- രൂപ നൽകി വരുന്നു. ടി പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം പട്ടികജാതി വിഭാഗത്തിന് പുതിയതായി 14946 വീട്ടുകൾ നിർമ്മിക്കുന്നതിന് നടപടി ആരംഭിയ്ക്കുകയും 2504 വീട്ടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പൂർത്തിയാകാത്ത വീട്ടുകൾക്ക് 2017-18 വർഷം സ്പിൽ ഓവർ പദ്ധതി പ്രകാരം തുക അനുവദിച്ച വരുന്നു.<br>ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണത്തിനും, സ്പിൽ ഓവർ പ്രവർത്തനങ്ങൾക്കുമായി ജനറൽ ഹൗസിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ച വരുന്നു. 2016-17 സാമ്പത്തിക വർഷം ജനറൽ ഹൗസിംഗ് പദ്ധതിയിൽ 1875 വീട്ടുകളും, വനബന്ധു കല്യാൺയോജന പദ്ധതി പ്രകാരം 1854 വീട്ടുകളും ഹഡ്കോ ഭവന പദ്ധതി പ്രകാരം 2980 വീട്ടുകളും ഉൾപ്പെടെ ആകെ 6709 വീട്ടുകളുടെ നിർമ്മാണത്തിനുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നാം ഘട്ടം പൂർത്തിയാക്കി പണി പുരോഗമിച്ച വരുന്നു.<br>കൂടാതെ, ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ഭവന പദ്ധതി പ്രകാരം പട്ടികജാതി |

| | | | |
|---|---|---|---|
| | | | വിഭാഗത്തിൽ 3739 ഗുണഭോക്താക്കൾക്ക് വീട് അനുവദിക്കുകയും ഇതിൽ 205 വീടുകൾ പൂർത്തീകരിക്കുകയും, പട്ടികവർഗ്ഗ വിഭാഗത്തിൽ 1072 ഗുണഭോക്താക്കൾക്ക് വീട് അനുവദിക്കുകയും ഇതിൽ 20 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പൂർത്തീകരിക്കാനുള്ള വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. |
| (ബി) | ഇന്ദിര ആവാസ് യോജന പ്രകാരം വീട് അനുവദിക്കപ്പെട്ട പട്ടികജാതിക്കാർക്ക് നൽകേണ്ടിയിരുന്ന അധിക ധനസഹായം നൽകാതിരുന്നതിനാൽ മുൻ സർക്കാരിന്റെ കാലത്ത് പണി മുടങ്ങിക്കിടന്ന എത്ര വീടുകളുടെ പണി പൂർത്തിയാക്കാൻ സാധിച്ചു വെന്നതിന്റെ കണക്ക് ലഭ്യമാണോ; | (ബി) | ഇന്ദിര ആവാസ് യോജന പ്രകാരം മുൻ വർഷങ്ങളിൽ പട്ടികജാതി വിഭാഗക്കാർക്ക് അനുവദിച്ച വീടുകളിൽ സ്പിൽ ഓവറായി ഉണ്ടായിരുന്ന 28753 വീടുകളിൽ 19761 വീടുകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂർത്തീകരിച്ചു. |
| (സി) | മുൻ സർക്കാരിന്റെ കാലത്ത് വീട് അനുവദിച്ചെങ്കിലും, പണം നൽകി പണി പൂർത്തിയാക്കാൻ സാധിക്കാതിരുന്ന സ്പിൽ ഓവർ വീട്ടു നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കാമോ? | (സി) | മുൻസർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗക്കാർക്ക് അനുവദിച്ചതിൽ പൂർത്തിയാകാതെ അവശേഷിച്ച 11003 വീടുകളിൽ 4729 എണ്ണം ഈ സർക്കാരിന്റെ കാലത്ത് പൂർത്തിയാക്കിയിട്ടുണ്ട്. ഇനിയും പൂർത്തിയാക്കാനുള്ള വീടുകളുടെ പൂർത്തീകരണത്തിന് സ്പിൽ ഓവർ പദ്ധതി പ്രകാരം തുക അനുവദിച്ചു നൽകി വരുന്നു. ഇതിനു പുറമേ 2007-08 മുതൽ 2013-14 വരെ അനുവദിച്ചതിൽ പഴയ നിരക്കിൽ തുക കൈപ്പറ്റി പണി പൂർത്തിയാകാതെ അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് നിശ്ചിതഘട്ടം നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഒടുവിൽ കൈപ്പറ്റിയ നിശ്ചിത ഗഡു തുക രണ്ടുലക്ഷം രൂപയ്ക്ക് ആനുപാതികമായ നിരക്കിൽ അധിക ധനസഹായമായി അനുവദിച്ചു നൽകുന്നു. ഇതിനായി 3,60,83,750/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br>പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന ജനറൽ ഹൗസിംഗ്, എ.റ്റി.എസ്.പി, ഹഡ്കോ ഭവന പദ്ധതി എന്നീ പദ്ധതികൾ പ്രകാരം 2011-12 മുതൽ 2015-16 വരെ ആകെ അനുവദിച്ച 17605 വീടുകളിൽ 5414 വീടുകൾ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 12191 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു.<br>ഇന്ദിരാ ആവാസ് യോജന പ്രകാരം പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി അനുവദിച്ച വീടുകളിൽ ഇനിയും നിർമ്മാണം പൂർത്തീകരിക്കാനുള്ള 12,382 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ